ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഹയർ സെക്കന്ററി പഠന സൗകര്യം കുറവുള്ള തൃശ്ശൂർ ജില്ലയിലെയും മലബാർ മേഖലയിലെയും പഞ്ചായത്തുകളിലാണ് ആദ്യഘട്ടമെന്ന നിലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളും ബാച്ചുകളും അനുവദിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളത്. ലഭ്യമായ അപേക്ഷകൾ പരിശോധിച്ചു വരുന്നതേയുള്ളൂ. അന്തിമ തീരുമാനം ആയിട്ടില്ല.

എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കന്ററി സ്കൂളുകൾ

93 (3847) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കണ്ടറി പഠന സൗകര്യം ഏർപ്പെടുത്തുന്നതിനായി എന്തൊക്കെ മാനദണ്ഡങ്ങളാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത് ;

(ബി) മലബാർ മേഖലയിൽ ഇത്തരം പഠന സൗകര്യം ഏർപ്പെടുത്തുന്നതിന് മറ്റ് ജില്ലകളിലുള്ളതിനേക്കാൾ എന്തൊക്കെ വ്യത്യസ്ത മാനദണ്ഡങ്ങളാണുള്ളത് ;

(സി) ഈ അദ്ധ്യയന വർഷത്തിൽ മലബാർ മേഖലയിൽ ഇത്തരത്തിൽ എത്ര പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി പഠന സൗകര്യം നടപ്പിലാക്കാനായി ;

(ഡി) പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങാതെ പഠന സൗകര്യം വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് നടപ്പിലാക്കി വരുന്നത് ;

(ഇ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ടാകണമെന്ന ലക്ഷ്യം സാക്ഷാത്കാരം എന്നത്തേയ്ക്ക് കൈവരിക്കാനാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്ലസ് ടു പഠന സൗകര്യം നിലവിൽ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്ലസ് ടു പഠന സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ആദ്യ ഘട്ടമായി തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ പ്ലസ് ടു പഠന സൗകര്യമില്ലാത്ത പഞ്ചായത്തുകളിൽ അതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മലബാർ മേഖലയിൽ മറ്റ് പ്രദേശങ്ങളിലേതിനേക്കാൾ പ്ലസ് വൺ സീറ്റുകൾ കുറവാണ്.

(സി) നടപ്പിലാക്കിയിട്ടില്ല. നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ആവശ്യപ്പെടുന്ന സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിൽ 20% മാർജിനൽ വർദ്ധനവ് അനുവദിച്ച് സീറ്റ് കൂട്ടുവാൻ അനുമതി നൽകിയിട്ടുണ്ട്. ഓപ്പൺ സ്കൂൾ വഴിയും ഹയർ സെക്കണ്ടറി പഠനത്തിന് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്

(ഇ) അന്തിമ തീരുമാനമായിട്ടില്ല.

മൂവാറ്റുപുഴ താലൂക്കിൽ പ്ലസ് ടു കോഴ്സ്

94 (3848) ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ താലൂക്കിൽ പ്ലസ് ടു കോഴ്സ് നിലവിലല്ലാത്ത ഏതെല്ലാം പഞ്ചായത്തുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പഞ്ചായത്തുകളിൽ/പ്ലസ് ടു കോഴ്സ് സർക്കാർ/എയ്ഡഡ് മേഖലകളിൽ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) താലൂക്ക് അടിസ്ഥാനമാക്കിയുള്ള വിവരം ലഭ്യമല്ല. മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ മാറാടി, വാളകം എന്നീ ഗ്രാമപഞ്ചായത്തുകളിൽ പ്ലസ് ടു സ്കൂളുകൾ ഇല്ല.

(ബി) തത്ക്കാലം പരിഗണനയിലില്ല.

പ്ലസ് വൺ പരീക്ഷാഫലം വൈകുന്നതുമൂലം വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട്

95 (3849) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി തലത്തിൽ 2009-10 വർഷത്തെ പ്ലസ് വൺ പൊതു പരീക്ഷ നടത്തിയതെപ്പോഴാണ് ; മൂല്യ നിർണ്ണയം നടത്തിയതെപ്പോഴാണെന്ന് വെളിപ്പെടുത്തുമോ

(ബി) പ്ലസ് വൺ പരീക്ഷാഫലം വൈകുന്നതുമൂലം വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്ലസ് വൺ മൂല്യ നിർണ്ണയം കഴിഞ്ഞിട്ടും ഫലം പ്രസിദ്ധീകരിക്കാൻ സാധിക്കാത്തത് എന്തു കൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly